പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5040 04.07.2012-ൽ മറുപടിക്ക്.

# പോലീസ് വകുപ്പിന്റെ വാഹനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മൂട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് പോലീസ് വകുപ്പിൽ ആകെ എത്ര വാഹനങ്ങൾ വാങ്ങി എന്നറിയിക്കാമോ ; | : (എ) മുൻ സർക്കാരിന്റെ കാലത്ത് പോലീസ് വകുപ്പിൽ വിവിധതരത്തിലുള്ള 1984 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് വാങ്ങിയവയുൾപ്പെടെ എത്ര എണ്ണം നിലവിലുണ്ട് ; വാഹനങ്ങളുടെ ഇനം തിരിച്ച പട്ടിക ലഭ്യമാക്കുമോ ; | : (ബി) വിവിധതരത്തിലുള്ള 5747 വാഹനങ്ങൾ ഇപ്പോൾ നിലവിലുണ്ട്. വാഹനങ്ങളുടെ ഇനം തിരിച്ച പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പോലീസ് വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ പഴയതും നിലവിൽ കേടായതുമായ വാഹനങ്ങൾ ലേലം ചെയ്ത് നൽകാറുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷം എത്ര വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ട് ; | : (സി) ഉണ്ട്. കഴിഞ്ഞ 5 വർഷക്കാലത്ത് ഉപയോഗശൂന്യമായ 494 വാഹനങ്ങൾ ലേലം ചെയ്തു പോയിട്ടുണ്ട്. |
| (ഡി) പ്രസ്തുത കാലയളവിൽ എത്ര സ്കൂട്ടറുകളും ബൈക്കുകളും ഇന്റർസെപ്റ്റർ വാഹനങ്ങളും വാങ്ങിയിട്ടുണ്ട് ; അവയുടെ വിതരണം സംബന്ധിച്ച വിവരം നൽകാമോ; അവ ഇപ്പോൾ ഉപയോഗത്തിലുണ്ടോ ; വിശദാംശം നല്കുമോ? | : (ഡി) 389 സ്കൂട്ടറുകളും 171 ബൈക്കുകളും, 4 ഇന്റർസെപ്റ്റർ വാഹനങ്ങളും വാങ്ങിയിട്ടുണ്ട്. ഇവ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലും, പോലീസ് ഓഫീസുകളിലും, ക്രമസമാധാന പാലനത്തിനും, സുരക്ഷയ്ക്കും, ഗതാഗത നിയന്ത്രണത്തിനുമായി ഉപയോഗിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ